**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1039** **30-06-2022 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി ഇറിഗേഷൻ വക ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ പുതുപ്പണം എന്ന സ്ഥലത്ത് കുറ്റ്യാടി ഇറിഗേഷന്റെ കൈവശം എത്ര ഭൂമി ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിലെ പുതുപ്പണം എന്ന സ്ഥലത്ത് കുറ്റ്യാടി ഇറിഗേഷന്റെ കൈവശം 2 ഹെക്ടർ 65.05 ആർ ഭൂമി ഉണ്ടായിരുന്നു. |
| (ബി) | പ്രസ്തുത ഭൂമിയിൽ നിന്ന് മറ്റു വകുപ്പുകളുടെ പ്രവർത്തങ്ങൾക്കും കെട്ടിടം നിർമ്മാണത്തിനും കൈമാറിയിട്ടുള്ള ഭൂമിയുടെ അളവ്, കൈമാറിയ തീയതി, ഏറ്റെടുത്ത വകുപ്പ് തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | പ്രസ്തുത ഭൂമിയിൽ നിന്ന് 24.31 ആർ ഭൂമി ജയിൽ വകുപ്പിന് 14/03/2018 ൽ കൈമാറിയിട്ടുണ്ട്. പോലീസ് വകുപ്പിന് 49.45 ആർ ഭൂമി 15/12/2004 ൽ കൈമാറിയിട്ടുണ്ട്. പട്ടികജാതി /പട്ടികവർഗ്ഗ വകുപ്പിന് 12.09 ആർ ഭൂമി 14/03/2018 ൽ കൈമാറിയിട്ടുണ്ട്. |
| (സി) | പുതുപ്പണത്ത് കുറ്റ്യാടി ഇറിഗേഷന്റെ കൈവശം എത്ര ഭൂമി ബാക്കിയുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | പുതുപ്പണത്ത് കുറ്റ്യാടി ഇറിഗേഷന്റെ കൈവശം നിലവിൽ 1 ഹെക്ടർ 79.94 ആർ ഭൂമി ബാക്കിയുണ്ട്. |
| (ഡി) | പുതുപ്പണത്ത് കുറ്റ്യാടി ഇറിഗേഷൻ വിഭാഗത്തിന്റെ എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്; | (ഡി) | കുറ്റ്യാടി ഇറിഗേഷൻ വിഭാഗത്തിന്റെ കനാൽ സബ് ഡിവിഷൻ ഓഫീസ് വടകര, കനാൽ സെക്ഷൻ നം.1, വടകര, കനാൽ സെക്ഷൻ നം.3, വടകര എന്നീ ഓഫിസുകൾ പ്രവർത്തിക്കുന്നു. വർഷാ വർഷം ജലവിതരണവുമായി ബന്ധപ്പെട്ട് കനാലിലെ പ്രവൃത്തികൾ നടത്തി വരുന്നുണ്ട്. |
| (ഇ) | കുറ്റ്യാടി ഇറിഗേഷനുമായി ബന്ധപ്പെട്ട് ഭാവിയിൽ എന്തെങ്കിലും പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (ഇ) | ഉണ്ട്. പുതുപ്പണത്ത് ഇറിഗേഷൻ കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആലോചനയിലാണ്. |

സെക്ഷൻ ഓഫീസർ